


കൊച്ചിയിൽ കേന്ദ്ര സാഹിത്യ അക്കാദമി പി.ജി. കമ്മത്ത് ഫൗണ്ടേഷന്റെ സഹകരണത്തോടെ കൊങ്കണിയിലെ ക്ലാസിക്കൽ രചനകളെക്കുറിച്ചു സംഘടിപ്പിച്ച സിംപോസിയം കുസാറ്റ് മുൻ വൈസ് ചാൻസലർ ഡോ.പി.ജി.ശങ്കരൻ ഉദ്ഘാടനം ചെയ്യുന്നു. പയ്യന്നൂർ രമേശ് പൈ, സ്റ്റാനി ബെല, ആനന്ദ് ജി. കമ്മത്ത്, മായ ഘാരൻഗട്ടെ, മെൽവിൻ റോഡ്രിഗ്സ് എന്നിവർ സമീപം.

# കൊങ്കണി സാഹിത്യ സിംപോസിയം നടത്തി

കൊച്ചി● കേന്ദ്ര സാഹിത്യ അക്കാദമി പി.ജി.കമ്മത്ത് ഫൗണ്ടേഷന്റെ സഹകരണത്തോടെ കൊങ്കണിയിലെ ക്ലാസിക്കൽ രചനകളെക്കുറിച്ചു സംഘടിപ്പിച്ച സിംപോസിയം കുസാറ്റ് മുൻ വൈസ് ചാൻസലർ ഡോ.പി.ജി. ശങ്കരൻ ഉദ്ഘാടനം ചെയ്തു. ഫൗണ്ടേഷൻ ട്രസ്റ്റി ആനന്ദ് ജി. കമ്മത്ത് അധ്യക്ഷത വഹിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാര ജേതാവ് മായ ഘാരൻഗട്ടെ, സാഹിത്യ അക്കാദമി കൊങ്കണി ഉപദേശക സമിതി കൺവീനർ മെൽവിൻ റോഡ്രിഗ്സ്, സമിതി അംഗങ്ങളായ സ്റ്റാനി ഡിസൂസ, നമ്രത പി.കിനി എന്നിവർ പ്രസംഗിച്ചു.

തുടർന്നു കൊങ്കണിയിലെ ക്ലാസിക്കൽ രചനകളായ 'ഗൊദ്ദെ രാമായൺ' (കേരളത്തിന്റെ നാടൻ കവിത), ലൂയിസ് മസ്ക്രിനാസ് രചിച്ച കാവ്യനാടകമായ 'അബ്രൻചെം യജ്ഞദാൻ' എന്നിവയെ ആസ്പദമാക്കി സംവാദങ്ങൾ നടന്നു. സാഹിത്യ അക്കാദമി കൊങ്കണി ഉപദേശക സമിതി അംഗം ഹെൻറി മെൻഡോൻസ, അക്കാദമി പുരസ്കാര ജേതാവ് ഗോകുൽദാസ് പ്രഭു എന്നിവർ അധ്യക്ഷത വഹിച്ചു. അക്കാദമി പുരസ്കാര ജേതാക്കളായ കവി ആർ.എസ്. ഭാസ്കർ, കവി ശരത്ചന്ദ്ര ഷേണായി, ഗോകുൽദാസ് പ്രഭു, മെൽവിൻ റോഡ്രിഗ്സ്, സ്റ്റാനി ഡിസൂസ എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു.